# 50. ചെർണോബില്ലും കേരളത്തിൽ അണുവൈദ്യുതിയും

കേരളത്തിൽ തലശ്ശേരിയിലും കാസർകോട്ടും അണുവൈദ്യുതീനിലയങ്ങൾ നിർമിക്കുന്നതിനു പറ്റിയ സ്ഥലങ്ങളുണ്ടെന്നും അവിടെ അണുവൈദ്യുതീനിലയങ്ങൾ നിർമിക്കണമോ എന്ന കാര്യം കേന്ദ്ര-അണുശക്തി കമ്മീഷനിലെ വിദഗ്ധാംഗങ്ങൾ സ്ഥലപരിശോധന നടത്തിയശേഷം തീരുമാനിക്കുമെന്നും വിദ്യുച്ഛക്തിമന്ത്രി ശ്രീ ശിവദാസമേനോൻ 1988 ജൂലൈ 8-ാം തീയതി കേരള നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി. അണുവൈദ്യുതീനിലയങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള വെമ്പൽ മുഖ്യമന്ത്രി ശ്രീ നായനാർ പലകുറി പ്രകടിപ്പിച്ചിട്ടുള്ളതാണ്. മന്ത്രിമാരായിരിക്കെ ശ്രീ ആർ. ബാലകൃഷ്ണപിള്ള, ശ്രീ തച്ചടി പ്രഭാകരൻ എന്നിവരും അണുവൈദ്യുതീ നിലയത്തിനുവേണ്ടി ആവേശത്തോടെ വാദിച്ചിരുന്നു.

തമിഴ്നാട്ടിൽ കന്യാകുമാരിക്കടുത്തും കർണാടകത്തിൽ 'കൈഗ' എന്ന സ്ഥലത്തും അണുവൈദ്യുതീനിലയങ്ങൾ നിർമിക്കുന്നതിന് ഇന്ത്യാഗവൺമെൻറ് ആലോചിച്ചുവരുന്നുണ്ട്. ഇവിടങ്ങളിൽ അണുവൈദ്യുതീനിലയങ്ങൾ നിർമിക്കപ്പെട്ടാൽ അവയ്ക്കു സോവിയററ് യൂനിയൻ സഹായം നൽകുന്നതായിരിക്കും. അണുവൈദ്യുതീനിലയം അതിനു ചുററുമുള്ളവർക്ക് എത്രമാത്രം വലിയ ഭീഷണിയായിത്തീരാമെന്നതു സംബന്ധിച്ച ബോധം കേരളത്തിലുള്ളവരെ അപേക്ഷിച്ച് തമിഴ്നാട്ടുകാർക്കും കർണാടകക്കാർക്കും കുറവാണ്. അതിനാൽ ആ സ്റ്റേററുകളിൽ അണുവൈദ്യുതീനിലയങ്ങൾക്കെതിരായ പ്രസ്ഥാനം കേരളത്തിലോളം ശക്തിപ്പെട്ടിട്ടില്ല. കേരളത്തിൽ ഭരണകക്ഷി ഏതായാലും അണുവൈദ്യുതീനിലയ നിർമാണത്തിന് സർക്കാർ ശ്രമങ്ങൾ നടത്തുന്നപക്ഷം ജനങ്ങൾ അതു കൈകൾ കെട്ടിയിരുന്നു കാണുമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല.

ഈ സന്ദർഭത്തിൽ രണ്ടുവർഷം മുമ്പ് 1986 ഏപ്രിൽ 26-ാം തീയതി സോവിയററ് യൂനിയനിലെ 'ചെർണോബിൽ' എന്ന സ്ഥലത്ത് അണുവൈദ്യുതീനിലയത്തിലുണ്ടായ പൊട്ടിത്തെറിയിലേക്ക് ഒന്നുകൂടി തിരിഞ്ഞു നോക്കുന്നത് അപ്രസക്തമായിരിക്കയില്ല. ഒരു അണുവൈദ്യുതീനിലയത്തിൽ ഒരിക്കലും പൊട്ടിത്തെറിയുണ്ടാവില്ലെന്ന് ഇന്ത്യയിലെ ആററമിക് എനർജി കമ്മീഷൻെറ ചെയർമാനായിരുന്ന ഡോ. രാജാരാമണ്ണ കൊച്ചി സർവകലാശാലയിൽവെച്ച് പ്രഖ്യാപിച്ച് കൃത്യം നൂററൻപതു ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് ചെർണോബില്ലിലെ പൊട്ടിത്തെറി നടന്നത്. എന്ത് അപകടവും മുൻകൂട്ടി അറിഞ്ഞു തടയുന്നതിനുള്ള സംവിധാനങ്ങൾ ചെർണോബിൽ അണുവൈദ്യുതീനിലയത്തിൽ ഉണ്ടാക്കിയിട്ടുണ്ടെന്ന് സോവിയററ് അണുശാസ്ത്രജ്ഞന്മാർ അവകാശപ്പെട്ടിട്ടുമുണ്ടായിരുന്നു.

ന്യൂയോർക്ക് ടൈംസ് എഴുതി: 'ചെർണോബിൽ എന്ന വാക്കിന് ഇപ്പോൾ എല്ലാ യൂറോപ്യൻ ഭാഷകളിലും ഒരു പ്രത്യേക അർത്ഥം കൈവന്നിരിക്കുന്നു. 'അചിന്തനീയമായതു ചിലപ്പോൾ സംഭവിച്ചേക്കും' എന്ന അർത്ഥം ആ വാക്കു ദ്യോതിപ്പിക്കുന്നു. പാർലമെൻറുകളിലെ വാദപ്രതിവാദങ്ങളിലായാലും പത്രങ്ങളിലെ മുഖപ്രസംഗങ്ങളിലായാലും സംഭാഷണങ്ങളിലായാലും 'ചെർണോബിൽ' എന്ന വാക്ക് ഇപ്പോൾ കുറിക്കുന്നതു സാങ്കേതികവിദ്യ പലപ്പോഴും പരാജയപ്പെട്ടേക്കാമെന്നും ഔദ്യോഗിക പ്രഖ്യാപനങ്ങൾ നൽകുന്ന ഉറപ്പുകളെ ഒരിക്കലും വിശ്വസിക്കരുതെന്നുമുള്ള ആശയങ്ങളെയാണ്.'

ചെർണോബില്ലിലെ നാലു റിയാക്ടറുകളിൽ ഒന്നു പൊട്ടിത്തെറിച്ചപ്പോൾ അപകടം പരിമിതപ്പെടുത്തി നിർത്താൻ റഷ്യൻ അധികൃതർ പരമാവധി ശ്രമിച്ചു. ചെർണോബിൽ നഗരത്തിലെ ആകെ ജനസംഖ്യ 25,000 ആയിരുന്നു. അധികൃതർ നഗരത്തിൽനിന്നും പരിസരങ്ങളിൽനിന്നും 50,000 ആളുകളെ ഒഴിച്ചുകൊണ്ടുപോയി. ഉയരത്തിൽ പറക്കുന്ന ഹെലികോപ്ടറുകളിൽനിന്ന് മണൽ, ഈയം, ബോറോൺ മുതലായവ ചൊരിഞ്ഞു പൊട്ടിത്തെറിച്ച റിയാക്ടറിനുമേൽ ഗോളാകൃതിയിലുള്ള ഒരു മേൽപ്പുര (ഡോം) നിർമിച്ച് അതിനകത്തെ തീ കെടുത്തി. രശ്മിപ്രസരണം ബാധിച്ചവരെ ആസ്പത്രിയിലാക്കി. അപകടത്തിൽ ഇരുപത്തെട്ട് ആളുകൾ മരിക്കുകയും ഇരുനൂററിമൂന്ന് ആളുകൾക്ക് അണുപ്രസരണരോഗം ബാധിക്കുകയും ഇരുനൂറു കോടിയോളം റൂബിൾ (ഒരു റൂബിൾ—ഏകദേശം പതിമൂന്നു രൂപ) നഷ്ടമുണ്ടാവുകയും ചെയ്തതായി സോവിയററ് പത്രങ്ങൾ പിന്നീടു പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോൾ ചെർണോബില്ലിലെ പൊട്ടിത്തെറിച്ച റിയാക്ടറിനു മുകളിൽ കട്ടിയേറിയ കോൺക്രീററുകൊണ്ട് ഒരാവരണം സൃഷ്ടിച്ചിരിക്കുന്നു. ആയിരത്താണ്ടുകളോളം ഇനിയതു് അങ്ങനെ കിടക്കുകയേയുള്ളു.

ചെർണോബില്ലിൽ പൊട്ടിത്തെറി നടന്നു മൂന്നു ദിവസം കഴിഞ്ഞിട്ടേ അതു സംബന്ധിച്ച എന്തെങ്കിലും വിവരം സോവിയററ് ഗവണ്മെൻറ് പുറത്തുവിട്ടുള്ളു. എന്നാൽ, പൊട്ടിത്തെറി നടന്ന വിവരം അതു നടന്ന് ഏതാനും നിമിഷങ്ങൾക്കകം അമേരിക്കയുടെയും ഫ്രാൻസിൻെറയും മററും ചാര ഉപഗ്രഹങ്ങൾ കണ്ടുപിടിച്ചു. ഇതിനെത്തുടർന്ന് യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങളും കുറെ ദിവസങ്ങളോളം ഭീതിയുടെ കരിനിഴലിൻ കീഴിലായിരുന്നു. ശനിയാഴ്ച നടന്ന പൊട്ടിത്തെറിയെത്തുടർന്ന് റഷ്യയിൽനിന്ന് അകലെ സ്വീഡനിൽ തിങ്കളാഴ്ച ആയപ്പോഴേക്ക് ആകാശത്തുനിന്ന് ക്രിപ്ടോൺ, ക്സെനോൺ, അയഡിൻ, കേംബിയം, കോബാൾട്ട് മുതലായവയുടെ ഐസോടോപ്പുകൾ അടങ്ങിയ അണുപ്രസരണ ധൂളികൾ വർഷിക്കാൻ തുടങ്ങി. ചെർണോബില്ലിൽനിന്ന് ആദ്യം വടക്കോട്ട് നോർവെ, സ്വീഡൻ എന്നീ രാജ്യങ്ങളുടെ മുകളിലേക്കു നീങ്ങിയ അണുധൂളിമേഘം പിന്നീടു തെക്കോട്ടു മടങ്ങി പോളണ്ട്, ജർമനി, നെതർലാൻഡ്സ്, ഫ്രാൻസ്, ബ്രിട്ടൻ മുതലായ രാജ്യങ്ങളുടെ മുകളിലെത്തി. ജപ്പാനിലെ മഴവെള്ളത്തിലും അണുപ്രസരണമുള്ളതായി കണ്ടെത്തി. ചുരുക്കത്തിൽ, ഭൂമിയുടെ മുഴുവൻ അന്തരീക്ഷം ചെർണോബിൽ പൊട്ടിത്തെറിമൂലം ഏറിയോ കുറഞ്ഞോ വിഷദൂഷിതമായി.

രണ്ടു വർഷത്തിനുശേഷം 'ചെർണോബിൽ മേഘങ്ങൾ' അപ്രത്യക്ഷമായിട്ടുണ്ടെങ്കിലും അവയുടെ കരിനിഴൽ പടിഞ്ഞാറെ യൂറോപ്പിനുമീതെ ഇപ്പോഴും പരന്നുകിടക്കുകയാണെന്നു 'ന്യൂയോർക്ക് ടൈംസ്' എഴുതി.

പന്ത്രണ്ട് യൂറോപ്യൻ രാജ്യങ്ങളുടെ (ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറെ ജർമനി, ഇററലി, ബെൽജിയം, നെതർലാൻഡ്സ്, ലക്സംബർഗ്, ഡെന്മാർക്ക്, നോർവെ, ഐർലാൻഡ്, സ്പെയിൻ, പോർട്ടുഗൽ) സഖ്യമായ 'യൂറോപ്യൻ കമ്യൂണിററി'യിൽ (ആകെ ജനസംഖ്യ മുപ്പത്തൊന്നരകോടി) അടുത്ത അരനൂററാണ്ടിൽ ചെർണോബിൽ പൊട്ടിത്തെറിയുടെ ഫലമായി ആയിരം ക്യാൻസർ മരണങ്ങൾ കൂടുതലായി ഉണ്ടായേക്കാമെന്നു കണക്കാക്കിയിരിക്കുന്നു. സ്വാഭാവിക ക്യാൻസർകൊണ്ട് ഇവിടെ ഈ കാലഘട്ടത്തിൽ മൂന്നുകോടി മരണം പ്രതീക്ഷിക്കുന്നുണ്ട്. അതിനാൽ 'ചെർണോബിൽ ക്യാൻസർ' വലിയൊരു പ്രശ്നമാവുമെന്ന് യൂറോപ്പിലാരും ഇപ്പോൾ ഭയപ്പെടുന്നില്ല.

ബ്രിട്ടനിൽ സാധാരണ ജനങ്ങളെ ചെർണോബിൽ അണുപ്രസരണം സാരമായി ബാധിച്ചിട്ടില്ല. എന്നാൽ, വെയിൽസിൽ അഞ്ഞൂറ് ഏക്കർ സ്ഥലത്തു ചെമ്മരിയാടുകളെ വളർത്തുന്ന നെഡ്‌വില്യംസിൻെറ ശരീരത്തിൽ സാധാരണ വെൽഷുകാരുടേതിൽനിന്നു പത്തിരട്ടിയും അയാളുടെ ഭാര്യയുടെ ശരീരത്തിൽ

സാധാരണയിൽനിന്നു് ഒമ്പതിരട്ടിയും അധികം അണുപ്രസരണം കാണാനുണ്ടത്രേ. അവർ തുറന്നസ്ഥലത്തു ജീവിക്കുന്നതുകൊണ്ടോ പാൽ ഉപയോഗിക്കുന്നതുകൊണ്ടോ എന്തുകൊണ്ടാണിതു് എന്നറിഞ്ഞുകൂടാ. ഏതായാലും നെഡ്ദമ്പതിമാർക്കു് ക്യാൻസർ ഉണ്ടാവാൻ സാദ്ധ്യതയുണ്ടു്. ഇത്തരക്കാർ വേറെയും ഉണ്ടാകാം.

ചെർണോബിൽ അണുധൂളി വീണ പുല്ല് തിന്നതിനാൽ ശരീരത്തിൽ അണുപ്രസരണം വർദ്ധിച്ച വടക്കെ ബ്രിട്ടനിലെ മൂന്നുലക്ഷം ചെമ്മരിയാടുകളെ ഇറച്ചിക്കുവേണ്ടി അറുക്കാൻപററാത്ത നിലവന്നിരിക്കുന്നു. സ്വീഡനിൽ ചെർണോബിൽ അണുധൂളി വീണ പായൽ റെയിൻഡിയർ മാനുകൾ തിന്നാതിരിക്കുന്നതിന് ഈ പായൽനിറഞ്ഞ സ്ഥലങ്ങളിലൂടെ അവയെ ഡബിൾ ഡെക്കർ ട്രക്കുകളിൽ കയററിക്കൊണ്ടു പോവുകയാണത്രെ. സ്വീഡൻ, ജർമനി മുതലായ ചില രാജ്യങ്ങളിൽ കാട്ടുപഴങ്ങളും കൂണുകളും ജലാശയമത്സ്യങ്ങളും തിന്നാൻ ജനങ്ങൾ ഇപ്പോൾ മടിക്കുന്നു. അവയിൽ അണുപ്രസരണമുണ്ടോ എന്നാണു ഭയം. ലുഗാനോ തടാകം പകുതി ഇററലിയിലും പകുതി സ്വിററ്സർലൻഡിലുമാണു്. സ്വിസ് ഭാഗത്തുള്ള തടാകം അണുപ്രസരണബാധിതമാകയാൽ അതിൽ മത്സ്യംപിടിക്കുന്നതു തടഞ്ഞിരിക്കുന്നു. ഈ തടാകത്തിന്റെ ഇററലി ഭാഗത്തു മുമ്പുണ്ടായിരുന്ന മത്സ്യബന്ധന നിരോധനം ഇപ്പോൾ എടുത്തുകളഞ്ഞിട്ടുണ്ടു്. ചെർണോബിൽ പൊട്ടിത്തെറിക്കുശേഷം ഒമ്പതു മാസത്തേക്കു് ഇററലിയിൽ ജനങ്ങൾക്കിടയിൽ ഗർഭോല്പാദനം പെട്ടെന്നു കുറഞ്ഞു. അണുപ്രസരണം ഭ്രൂണങ്ങൾക്കു രോഗങ്ങളോ അംഗവൈകല്യങ്ങളോ ഉണ്ടാക്കിയാലോ എന്ന ദമ്പതിമാരുടെ ഭയമായിരുന്നു ഇതിനു കാരണം.

ചെർണോബിൽ ധൂളി തൂത്തു മാററിക്കളയാതിരുന്നതിനാൽ ജർമനിയിലെ മ്യൂണിക്ക് നഗരത്തിലുള്ള ചില കളിക്കളങ്ങളിൽ ഇപ്പോഴും സാധാരണയിലേറെ അണുപ്രസരണമുള്ളതായി കാണപ്പെടുന്നുണ്ടു്. (ഇത്തരം പഠനം നടന്നതു കളിക്കളങ്ങളിലാകയാൽ അവയുടെ കാര്യം പ്രത്യേകം പറഞ്ഞെന്നേയുള്ളു. ഭൂതലത്തിലെ പൊതുസ്ഥിതിയെയാണു് ഇതു സൂചിപ്പിക്കുന്നതു്.)

ചെർണോബിൽ പൊട്ടിത്തെറിക്കുശേഷം അണുപ്രസരണ പഠനങ്ങൾക്കു് യൂറോപ്യൻ രാജ്യങ്ങൾ വലിയ തോതിൽ പണം നീക്കിവെച്ചിട്ടുണ്ടു്. ബ്രിട്ടൻ ഇതു സംബന്ധിച്ച ഗവേഷണങ്ങൾക്കായി ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മുപ്പതുലക്ഷം പവൻ ചെലവാക്കി; അണുപ്രസരണം ബാധിച്ച ചെമ്മരിയാടുകളുടെ ഉടമകൾക്കു നഷ്ടപരിഹാരമായി അമ്പത്തഞ്ചുലക്ഷം പവൻ നൽകുകയും ചെയ്തു. അണുപ്രസരണം ബാധിച്ച പാലും പച്ചക്കറികളും നശിപ്പിക്കേണ്ടിവന്ന പടിഞ്ഞാറെ ജർമനിയിലെ നാലുലക്ഷം കർഷകർ നഷ്ടപരിഹാരത്തിനു ഗവണ്മെൻറിനെ സമീപിച്ചു. ഇവരിൽ പലരുടെയും നഷ്ടപരിഹാര അഭ്യർത്ഥനകൾ ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുണ്ടു്.

ചെർണോബിൽ പൊട്ടിത്തെറിയെത്തുടർന്നു് യൂറോപ്പിൽ അതിനു മുമ്പു തണുപ്പിച്ചുവെച്ചിരുന്ന മാംസത്തിനും പച്ചക്കറികൾക്കും മററു ഭക്ഷ്യവസ്തുക്കൾക്കും പെട്ടെന്നു വിലകൂടി. ഈ സാധനങ്ങളിൽ അണുപ്രസരണ സാദ്ധ്യതയില്ലല്ലോ

'പച്ചകൾ' എന്ന ഗ്രീൻപാർട്ടി, ഗ്രീൻപീസ്, ബ്രിട്ടനിലെ 'ഭൂമിയുടെ സുഹൃത്തുക്കൾ' (ഫ്രൻഡ്സ് ഓഫ് ദി എർത്ത്) മുതലായ സംഘടനകൾ ചെർണോബിൽ പൊട്ടിത്തെറിക്കുശേഷം ശക്തിപ്പെട്ടു. പടിഞ്ഞാറെ ജർമനിയിലെ സോഷ്യൽ ഡെമോക്രാററിക് പാർട്ടി അണുവൈദ്യുതിനിലയ നിർമാണത്തിനെതിരായ നിലപാടെടുത്തു. സ്വീഡനിൽ ആകെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നാല്പത്തിരണ്ടു ശതമാനം ഇപ്പോൾ അണുവൈദ്യുതിനിലയങ്ങളാണു നൽകുന്നതു്. അണുവൈദ്യുതിനിലയങ്ങൾ ക്രമേണ പൂട്ടാനും എ. ഡി. 2010 ആകുമ്പോഴേക്കു രാജ്യത്തെ അണുവൈദ്യുതിനിർമുക്തമാക്കാനും സ്വീഡൻ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണു്.

അണുവൈദ്യുതി തീരെ നിർത്തലാക്കണമോ? ഈ പ്രശ്നം സംബന്ധിച്ച് 1987 നവംബറിൽ ബ്രിട്ടനിൽ ഒരു ഗ്യാലപ്പ് പോൾ (ജനഹിത പരീക്ഷ) നടത്തി. മുപ്പത്തൊന്നു ശതമാനം ജനങ്ങൾ അണുവൈദ്യുതി നിർത്തലാക്കണമെന്നു പറഞ്ഞു. ഇരുപതു ശതമാനംപേർ അണുവൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടു. നാല്പത്തിനാലു ശതമാനംപേർ ഇന്നത്തെനില തുടരാൻ ഉപദേശിച്ചു. ഇറ്റലിയിൽ 1987 നവംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ എഴുപതു ശതമാനം വോട്ടുകൾ അണുവൈദ്യുതി ഉല്പാദനത്തിൻെറമേൽ നിയന്ത്രണം ചുമത്താൻ ആവശ്യപ്പെടുന്നവയായിരുന്നു. ഇതിനെത്തുടർന്നു പ്രധാനമന്ത്രി ജിയോവന്നിഗോറിയയുടെ ഗവണ്മെൻറ് അണുവൈദ്യുതി ഉല്പാദനത്തിൽ ഒരു മോറട്ടോറിയം (വിരാമം) പ്രഖ്യാപിച്ചു. പക്ഷേ, 1988 മാർച്ചിൽ റോമിനു വടക്ക് ഒരു അണുവൈദ്യുതീനിലയത്തിൻെറ നിർമാണപ്രവർത്തനം പുനരാരംഭിച്ചു. ഇതു സംബന്ധിച്ചുണ്ടായ പ്രക്ഷോഭം ഇറ്റാല്യൻ പ്രധാനമന്ത്രിയുടെ രാജിയിലാണു പര്യവസാനിച്ചതു്.

ചെർണോബില്ലിനുശേഷം അണുവൈദ്യുതി നിരോധിക്കുന്നതിനു നാലു പരിശ്രമങ്ങൾ പടിഞ്ഞാറെ ജർമനിയുടെ പാർലമെൻറിൽ നടന്നു. എ. ഡി. 1996 ആകുമ്പോഴേക്ക് ജർമനിയെ തികച്ചും അണുവൈദ്യുതീവിമുക്തമാക്കണമെന്ന് എതിർപക്ഷത്തുള്ള സോഷ്യൽ ഡെമോക്രാറ്റ് പാർട്ടി തീരുമാനിച്ചിട്ടുണ്ട്. ഈ പാർട്ടി അവതരിപ്പിച്ച ഒരു അണുവൈദ്യുതീനിരോധപ്രമേയം ഇതെഴുതുമ്പോൾ പടിഞ്ഞാറെ ജർമനിയിൽ പാർലമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

അണുവൈദ്യുതീനിലയ നിർമാണത്തിനുള്ള പരിപാടികൾ ചെർണോബില്ലിലെ പൊട്ടിത്തെറിക്കുശേഷം യൂഗോസ്ലാവിയ, സ്വിറ്റ്സർലാൻഡ്, നെതർലാൻഡ്സ് എന്നീ രാജ്യങ്ങളിൽ പൂർണമായും നിർത്തിവെച്ചിരിക്കുകയാണ്.

യൂറോപ്പിൽ അണുവൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കുന്നതു രണ്ടു രാജ്യങ്ങളാണ്; ഫ്രാൻസും ബെൽജിയവും. ഫ്രാൻസിലെ വൈദ്യുതിയിൽ അറുപത്തഞ്ചു ശതമാനവും അണുവൈദ്യുതിയാണ്; ബെൽജിയത്തിലെ വൈദ്യുതിയിൽ അറുപതു ശതമാനമാണ് അണുവൈദ്യുതി.

കേരളത്തിൽ അണുവൈദ്യുതീനിലയത്തിനുവേണ്ടി വാദിക്കുംമുമ്പ് ശ്രീ നായനാരും ശ്രീ ശിവദാസമേനോനും ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ അല്പസമയം ചെലവഴിച്ചിരുന്നെങ്കിൽ!

(9 ജൂലൈ, 1988)

# 51. ബ്രിട്ടീഷ്-ഫ്രഞ്ച് അണുആയുധങ്ങൾ

സോവിയറ്റ് യൂനിയനെതിരായി പടിഞ്ഞാറെ യൂറോപ്പിൽ അമേരിക്ക സ്ഥാപിച്ച അണുബോംബുകളും അവയെ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കുന്നതിനുള്ള ഹ്രസ്വദൂര–മിസൈലുകളും, ഇവയെ ചെറുക്കുന്നതിന് സ്വന്തം അതിർത്തിക്കുള്ളിൽ സോവിയറ്റ് യൂനിയൻ സ്ഥാപിച്ച അണുബോംബുകളും അവയെ വഹിക്കുന്ന ഹ്രസ്വദൂര–മിസൈലുകളും, റെയ്ഗൻ–ഗോർബച്ചോവ് കരാർ നടപ്പിൽ വരുന്നപക്ഷം നശിപ്പിക്കപ്പെടുമല്ലോ. അമേരിക്കയുടെയും സോവിയറ്റ് യൂനിയൻെറയും മൊത്തം അണു–ആയുധങ്ങളിൽ ഏതാണ്ട് അഞ്ചുശതമാനം മാത്രമേ ഇങ്ങനെ പൊളിച്ചുകളയുകയുള്ളു.

എങ്കിലും, ഇത്രയും അണുബോംബുകൾപോലും ഇല്ലാതായാൽ അതു് യൂറോപ്പിൽ ഒരു 'ശൂന്യത' സൃഷ്ടിക്കുമെന്നും, ആ ശൂന്യതയിലേക്കു തങ്ങളുടെ